പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7166 3.11.2011-ന് മറുപടിയ്ക്ക്

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനു കീഴിൽ തസ്തിക കൺവർട്ട് ചെയ്ത നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ)ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനു കീഴിൽ സുരക്ഷാ പരിശോധന മുൻനിർത്തി എത്ര സുരക്ഷാ സെല്ലുകൾ പ്രവർത്തിക്കുന്നു ; ഇതിനായി ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തി യിട്ടുണ്ട്; | എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനു കീഴിൽ മൂന്നു സുരക്ഷാ സെല്ലുകൾ പ്രവർത്തിക്കുന്നു. അവ താഴെ പറയുന്നു.<br>1. സേഫ്റ്റി സെൽ, ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്,കൊല്ലം<br>2. സേഫ്റ്റി സെൽ, ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എറണാകുളം.<br>3. സേഫ്റ്റി സെൽ, ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, കോഴിക്കോട്.<br>ഓരോ സേഫ്റ്റി സെല്ലിലും ഒരു കെമിക്കൽ ഇൻസ്പെക്ടർ , ഒരു മെഡിക്കൽ ഓഫീസർ, ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് (മെക്കാനിക്കൽ) എന്നീ തസ്തികകൾ ഉണ്ട്. കൊല്ലം, എറണാകുളം സേഫ്റ്റി സെല്ലുകളിൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്(മെക്കാനിക്കൽ) നെ നിയമിച്ചിട്ടുണ്ട്. കോഴിക്കോട് സേഫ്റ്റി സെല്ലിൽ ടി തസ്തിക നിലവിൽ ഇല്ല. കോഴിക്കോട് സേഫ്റ്റി സെല്ലിൽ മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം സുരക്ഷാസെല്ലുകളിൽ മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവ് നികത്തിയിട്ടില്ല. |
| ബി) കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സുരക്ഷാ സെല്ലിലെ | ബി) ഉണ്ട്. 1.8.2003 ലെ G.O(Rt)No.2119/ 2003/LBR ഉത്തരവ് പ്രകാരമാണ് ഇൻസ്പെക്ടർ |

ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് തസ്തിക 2001-ൽ താൽക്കാലികമായി കെമിക്കൽ ഇൻസ്പെക്ടർ എന്ന തസ്തികയാക്കി മാറ്റിയിട്ടുണ്ടോ;

ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് തസ്തിക കെമിക്കൽ ഇൻസ്പെക്ടർ എന്ന തസ്തികയാക്കി മാറ്റിയിട്ടുള്ളത്.

സി) പ്രസ്തുത തസ്തികയിൽ പി.എസ്.സിയുടെ നിർദ്ദേശം മറികടന്ന് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഏതെങ്കിലും ജീവന ക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

സി) കെമിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ശ്രീമതി.ജി.സുലോചനയെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

ഡി)തസ്തിക കൺവർട്ട് ചെയ്ത് കെമിക്കൽ ഇൻസ്പെക്ടർ തസ്തികയാക്കിയതുമൂലം സുരക്ഷാ പരിശോധന തടസ്സപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത തസ്തിക തിരികെ കൺവർട്ട് ചെയ്ത് നൽകണമെന്ന വകുപ്പദ്ധ്യക്ഷന്റെ ശുപാർശയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിൽ തീരുമാനമെടുക്കുന്നതിൽ ന്യായീക രിക്കാൻ പറ്റാത്ത കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

ഡി) ടി തസ്തിക ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയാക്കി കൺവർട്ട് ചെയ്യുന്നതിനായുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. റീകൺവർട്ട് ചെയ്യുമ്പോൾ വകുപ്പിലെ ഒരു കെമിക്കൽ ഇൻസ്പെക്ടർ തസ്തിക കുറയുന്നതു മൂലം ഉണ്ടായേക്കാവുന്ന റീട്രെഞ്ച്മെന്റ് ഒഴിവാക്കുന്നതിനായി വിശദമായി പരിശോധി ക്കേണ്ടതുണ്ടായിരുന്നു.

ഇ) ഒരു പ്രത്യേക പദ്ധതിക്കായി (സുരക്ഷാ സ്കീമിന്) അനുവദിച്ച തസ്തിക താൽക്കാലികമെന്ന വണ്ണം 2001-ൽ കൺവർട്ട് ചെയ്ത് താൽക്കാലിക സർവ്വീസിൽ സ്ഥിരപ്പെടുത്തിയ നടപടിക്ക് മന്ത്രിസഭയുടെ അംഗീകാരം ഉണ്ടായിരുന്നോ?

ഇ) G.O(Rt)No.2119/2003/LBR dated 1.8.2003 പ്രകാരമാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-II എന്ന തസ്തിക താൽക്കാലികമായി കൺവർട്ട് ചെയ്ത് കെമിക്കൽ ഇൻസ്പെക്ടർ തസ്തികയാക്കിയിട്ടുള്ളത്. ടി നടപടിക്ക് മന്ത്രിസഭയുടെ അംഗീകാരം തേടിയിരുന്നില്ല.

സെക്ഷൻ ഓഫീസർ